REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 20-11-2025 **സമയം** 12.30 PM

## പ്രധാന വാർത്തകൾ

- ബില്ലുകൾ പാസാക്കുന്നതിന് രാഷ്ട്രപതിയ്ക്കും, ഗവർണർമാർക്കും സമയപരിധി നിർദ്ദേശിക്കാൻ കഴിയില്ലെന്ന് സുപ്രിംകോടതി ഭരണഘടനാ ബെഞ്ച്.
- ബിഹാർ മുഖ്യമന്ത്രിയായി പത്താം തവണയും JDU നേതാവ് നിതീഷ് കുമാർ സത്യപ്രതിജ്ഞ ചെയ്തു.
- 56-ാമത് ഗോവ രാജ്യാന്തര ചലച്ചിത്ര മേളയ്ക്ക് തിരശ്ശീല ഉയർന്നു.
- പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ആകാശവാണി മൻ കി ബാത് ഈ മാസം 30ന് - അഭിപ്രായങ്ങളും, നിർദ്ദേശങ്ങളും 28 വരെ സ്വീകരിക്കും.
- സംസ്ഥാനത്ത് തദ്ദേശ തിരഞ്ഞെടുപ്പിന്റെ പത്രികാ സമർപ്പണം പുരോഗമിക്കുന്നു- സമയപരിധി നാളെ അവസാനിക്കും.

## വാർത്തകൾ വിശദമായി

ബില്ലുകൾ പാസാക്കുന്നതിന് രാഷ്ട്രപതിയ്ക്കും, ഗവർണർമാർക്കും സമയപരിധി നിർദ്ദേശിക്കാൻ കോടതിക്ക് കഴിയില്ലെന്ന് സുപ്രിംകോടതി വിധിച്ചു. നിശ്ചിത സമയത്തിനകം അനുമതി നൽകാത്ത ബില്ലുകളെ അനുമതി ലഭിച്ച ബില്ലുകളായി പരിഗണിക്കണമെന്ന നിർദ്ദേശം ഭരണഘടനയുടെ സത്തയ്ക്കും, അധികാര വിഭജന സിദ്ധാന്തത്തിനും വിരുദ്ധമാണെന്നും ഭരണഘടനാ ബെഞ്ച് വ്യക്തമാക്കി. ഇത്തരത്തിൽ അനുമതി നൽകുന്നത് ഗവർണറിൽ നിക്ഷിപ്തമായ അധികാരങ്ങളെ കവർന്നെടുക്കുന്നതാകുമെന്നും ബെഞ്ച് വിശദീകരിച്ചു.

ഡെസ്ക്ക് റിപ്പോർട്ട്

....(വോയ്സ്)...

പ്രത്യേകിച്ച് കാരണങ്ങൾ വിശദമാക്കാതെ ബില്ലുകൾ അനിശ്ചിതമായി വൈകിക്കുന്ന സാഹചര്യത്തിൽ കോടതിയ്ക്ക് നിയമപരമായ അവലോകനത്തിലൂടെ ഗവർണർക്ക് നിശ്ചിത സമയപരിധി നിശ്ചയിക്കാൻ പരിമിതമായ അധികാരം ഉപയോഗിക്കാമെന്നും കോടതി നിരീക്ഷിച്ചു. ചീഫ് ജസ്റ്റിസ്, ജസ്റ്റിസ് B R ഗവായ്, ജസ്റ്റിസുമാരായ സൂര്യകാന്ത്, വിക്രംനാഥ്, PS നരസിംഹ, AS ചന്ദൂർക്കർ എന്നിവരടങ്ങിയ ഭരണഘടനാ ബെഞ്ചാണ് ഇതു സംബന്ധിച്ച ഹർജികൾ പരിഗണിച്ചത്.

കഴിഞ്ഞ മെയ് യിൽ രാഷ്ട്രപതിയ്ക്കും, തമിഴ്നാട് ഗവർണർക്കും ബില്ലുകൾക്ക് അംഗീകാരം നൽകാൻ സമയപരിധി നിശ്ചയിച്ച മദ്രാസ് ഹൈക്കോടതിയുടെ രണ്ടംഗ ബെഞ്ച് വിധിയെ തുടർന്നാണ് രാഷ്ട്രപതി സുപ്രീംകോടതിയുടെ അഭിപ്രായം തേടിയത്. 14 ചോദ്യങ്ങളിൽ ഭരണഘടനയുടെ 143 -ാം വകുപ്പു പ്രകാരം വിശദീകരണം ആവശ്യപ്പെട്ടാണ് രാഷ്ട്രപതി സുപ്രീംകോടതിയുടെ അഭിപ്രായം ആവശ്യപ്പെട്ടത്.

✪✪✪

ബിഹാർ മുഖ്യമന്ത്രിയായി പത്താം തവണയും JDU നേതാവ് നിതീഷ് കുമാർ സത്യപ്രതിജ്ഞ ചെയ്തു. നിതിഷ് കുമാറിനും മറ്റു മന്ത്രിമാർക്കും ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ സത്യവാചകം ചൊല്ലിക്കൊടുത്തു.

പട്ന ഗാന്ധി മൈതാനിയിലെ ചടങ്ങിൽ പ്രധാനമന്ത്രി നരേന്ദ്രമോദി, ആഭ്യന്തരമന്ത്രി അമിത്ഷാ, കേന്ദ്രമന്ത്രിമാർ, NDA ഭരിക്കുന്ന സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാർ എന്നിവരടക്കം നിരവധി പ്രമുഖർ പങ്കെടുത്തു.

✪✪✪

ഭാരതീയ കലാ മഹോത്സവത്തിന്റെ രണ്ടാം പതിപ്പ് രാഷ്ട്രപതി ദ്രൗപദി മുർമു തെലങ്കാനയിലെ ബൊല്ലാറത്ത് നാളെ ഉദ്ഘാടനം ചെയ്യും. പത്തു ദിവസത്തെ ഉത്സവത്തിൽ ഗുജറാത്ത്, മഹാരാഷ്ട്ര, രാജസ്ഥാൻ, ഗോവ സംസ്ഥാനങ്ങളും, ദാദ്ര, നാഗർഹവേലി, ഡാമൻ ഡിയു തുടങ്ങിയ കേന്ദ്രഭരണ പ്രദേശങ്ങളും പാരമ്പര്യ കലകൾ പ്രദർശിപ്പിക്കും.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി G-20 നേതൃത്വ ഉച്ചകോടിയിൽ പങ്കെടുക്കാൻ നാളെ ദക്ഷിണാഫ്രിക്കയിലെ ജോന്നാസ് ബർഗിലെത്തും. G-20 യുമായി ബന്ധപ്പെട്ട ഇന്ത്യയുടെ ഉദ്ദേശലക്ഷ്യങ്ങൾ പ്രധാനമന്ത്രി ഉച്ചകോടിയിൽ അവതരിപ്പിക്കുമെന്ന് വിദേശകാര്യമന്ത്രാലയം അറിയിച്ചു. ഉച്ചകോടിയുടെ മൂന്ന് സെഷനുകളിലും അദ്ദേഹം സംസാരിക്കും. ഇന്ത്യ, ബ്രസീൽ, ദക്ഷിണാഫ്രിക്ക, നേതാക്കളുടെ യോഗത്തിലും നരേന്ദ്രമോദി സംബന്ധിക്കും.

✪✪✪

56-ാമത് ഇന്ത്യ രാജ്യാന്തര ചലച്ചിത്ര മേളയ്ക്ക് ഗോവയിൽ തുടക്കമായി. 81 രാജ്യങ്ങളിൽ നിന്ന് 240 ചലച്ചിത്രങ്ങൾ ഒമ്പത് ദിവസത്തെ മേളയിൽ പ്രദർശനത്തിനെത്തും. ബ്രസീലിയൻ ചിത്രമായ ദി ബ്ലൂ ട്രെയിലാണ് ചലച്ചിത്ര മേളയുടെ ഉദ്ഘാടന ചിത്രം.

ഇന്ത്യൻ പനോരമ വിഭാഗത്തിൽ 25 ഫീച്ചർ ഫിലിമുകളും, 20 നോൺ ഫീച്ചർ ഫിലിമുകളും, അഞ്ച് നവാഗത ഫീച്ചർ ഫിലിമുകളും പ്രദർശിപ്പിക്കും. തമിഴ് ചിത്രം ‘അമരൻ’, നോൺ ഫീച്ചർ വിഭാഗത്തിൽ ഹിന്ദി ചിത്രം ‘കാകോരി’ എന്നിവ ഉദ്ഘാടന ചിത്രങ്ങളായി പ്രദർശിപ്പിക്കും.

ഇത്തവണത്തെ ഫോക്കസ് കൺട്രി ജപ്പാനും, പങ്കാളിത്തരാജ്യം സ്പെയിനുമാണ്. ഓസ്ട്രേലിയാണ് സ്പോട്ട്ലൈറ്റ് കൺട്രി.

ഈ വർഷവും യൂണിസെഫിനൊപ്പം ബാല്യത്തിന്റെ മുഖങ്ങളും പ്രശ്നസങ്കീർണതകളും അവതരിപ്പിക്കുന്ന അഞ്ച് ചിത്രങ്ങൾ മേളയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. തമിഴ് ചിത്രമായ കടൽ കന്നി, ബംഗാളി ചിത്രം പുതുൽ എന്നിവ ഇതിൽ ഉൾപ്പെടുന്നു.

വേവ്സ് ഫിലിം ബസാർ, സിനിം AI ഹാക്കത്തോൺ എന്നിവയും മേളയുടെ ഭാഗമായി സംഘടിപ്പിക്കുന്നുണ്ട്. ഈ മാസം 28 വരെയാണ് ചലച്ചിത്രമേള.

✪✪✪

ഇന്ത്യയുടെ രാജ്യരക്ഷാ ആയുധ ഉത്പാദനം ഈ സാമ്പത്തിക വർഷം ഒരു ലക്ഷത്തി 54,000 കോടി രൂപയായി ഉയർന്നു. 2014 ൽ ആയിരം കോടി രൂപയിൽ താഴെയായിരുന്ന ആയുധ കയറ്റുമതി 2024- 25 ൽ 23,622 കോടി രൂപയിലെത്തി. പത്ത് വർഷം മുമ്പ് രണ്ട് ലക്ഷത്തി 53,000 കോടി രൂപയായിരുന്ന രാജ്യരക്ഷാ ബജറ്റ്, ആറ് ലക്ഷത്തി 81,000 കോടി രൂപയായി വർദ്ധിച്ചെന്നും രാജ്യരക്ഷാ മന്ത്രാലയം അറിയിച്ചു.

2029 ഓടെ മൂന്ന് ലക്ഷം കോടി രൂപയുടെ ആയുധ ഉത്പാദനവും, മൂന്ന് ലക്ഷത്തി 50,000 കോടി രൂപയുടെ കയറ്റുമതിയുമാണ് ഈ രംഗത്ത് കേന്ദ്രഗവൺമെന്റ് ലക്ഷ്യമിടുന്നത്.

✪✪✪

വിദേശ കാര്യമന്ത്രി ഡോ. S ജയശങ്കർ ന്യൂഡൽഹിയിൽ 16-ാമത് വിദേശകാര്യമന്ത്രിമാരുടെ സമ്മേളനത്തിൽ ഓസ്ട്രേലിയൻ വിദേശകാര്യമന്ത്രി പെന്നിവോങ്ങുമായി കൂടിക്കാഴ്ച നടത്തും. ഇന്ത്യ - ഓസ്ട്രേലിയ തന്ത്രപരമായ പങ്കാളിത്തം വർദ്ധിപ്പിക്കുന്ന കാര്യങ്ങളിൽ ഇരുവരും ആശയങ്ങൾ കൈമാറും.

✪✪✪

കേരളത്തിലെ തീവ്ര വോട്ടർപട്ടിക പരിഷ്ക്കരണം ചോദ്യം ചെയ്ത് സമർപ്പിച്ച ഹർജികൾ നാളെ സുപ്രീംകോടതി പരിഗണിച്ചേക്കും. സംസ്ഥാന ഗവൺമെന്റും കോൺഗ്രസും, CPIM ഉം ഉൾപ്പെടെ ഹർജിക്കാർ ഒന്നിച്ചാണ് വിഷയം ചീഫ് ജസ്റ്റിസിനു മുമ്പാകെ ഉന്നയിച്ചത്. തദ്ദേശ തിരഞ്ഞെടുപ്പ് പൂർത്തിയാകും വരെ SIR നടപടികൾ നീട്ടിവെക്കണമെന്ന് സംസ്ഥാന ഗവൺമെന്റിനു വേണ്ടി ഹാജരായ സ്റ്റാൻഡിംഗ് കൗൺസൽ CK ശശി ആവശ്യപ്പെട്ടു. മുസ്ലീം ലീഗിനു വേണ്ടി ഹാരിസ് ബീരാനാണ് ഹർജി നൽകിയത്.

ബിഹാറിലെ SIR സാധുത ചോദ്യം ചെയ്ത് സമർപ്പിച്ച ഹർജികൾ ജസ്റ്റിസ് സൂര്യകാന്ത് അധ്യക്ഷനായ ബെഞ്ചാണ് നേരത്തെ പരിഗണിച്ചത്. ഈ ബെഞ്ചിന് മുന്നിലാകും കേരളത്തിലെ വിഷയവും വരികയെന്നാണ് സൂചന.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടിയായ മൻ കി ബാതിന്റെ 128-ാം പതിപ്പ് ഈ മാസം 30ന് ആകാശവാണി പ്രക്ഷേപണം ചെയ്യും. മൻ കി ബാതിലേക്ക് ആശയങ്ങളും, നിർദ്ദേശങ്ങളും ഈ മാസം 28 വരെ സ്വീകരിക്കും. നമോ ആപിലും, My Gov പ്ലാറ്റ്ഫോമിലും, ടോൾഫ്രീ നമ്പറിലും പൊതുജനങ്ങൾക്ക് അഭിപ്രായം പങ്കുവെയ്ക്കാം.

✪✪✪

സംസ്ഥാനത്ത് തദ്ദേശ തിരഞ്ഞെടുപ്പ് പ്രചാരണം കൂടുതൽ ശക്തമായി. തിരഞ്ഞെടുപ്പ് കൺവെൻഷനുകളും, വീടുകൾ തോറും കയറിയിറങ്ങി പ്രചാരണവും സജീവമാണ്.

തദ്ദേശ തിരഞ്ഞെടുപ്പിലെ നാമനിർദേശ പത്രികാ സമർപ്പണത്തിന്റെ സമയപരിധി നാളെ ഉച്ചകഴിഞ്ഞ് മൂന്നിന് അവസാനിക്കും. ഇന്നലെ വരെ 28,841 പേർ പത്രിക സമർപ്പിച്ചതായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മിഷൻ അറിയിച്ചു. 4,400 പേർ പത്രിക നൽകിയ തൃശൂർ ജില്ലയാണ് മുന്നിൽ. 535 പേർ മാത്രം പത്രിക നൽകിയ ഇടുക്കിയിലാണ് കുറവ് സ്ഥാനാർത്ഥികൾ.

മറ്റന്നാളാണ് പത്രികകളുടെ സൂക്ഷ്മ പരിശോധന. ഈ മാസം 24 വരെ പത്രിക പിൻവലിക്കാം. അടുത്ത മാസം ഒമ്പതിനും പതിനൊന്നിനും രണ്ട് ഘട്ടങ്ങളിലാണ് വോട്ടെടുപ്പ്. 13ന് വോട്ടെണ്ണും.

✪✪✪

കേരളത്തിന്റെ ഊർജ്ജവികസനാസൂത്രണത്തിൽ സുപ്രധാനസംഭാവനകൾ നല്കിയ ശാസ്ത്രജ്ഞനായിരുന്നു പ്രൊഫ. VK ദാമോദരനെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. കേരള ശാസ്ത്രസാഹിത്യ പരിഷത്ത് സംസ്ഥാനസമിതി ഇന്നലെ തിരുവനന്തപുരത്ത് സംഘടിപ്പിച്ച അനുസ്മരണ യോഗത്തിൽ സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി.

ചൈനയുടെ മാതൃകയും സാങ്കേതികവിദ്യയും സ്വീകരിച്ച് ചെറു ജലവൈദ്യുതിപദ്ധതികൾ തുടങ്ങാൻ ആശയം മുന്നോട്ട് വെച്ചത് പ്രൊഫ. ദാമോദരനായിരുന്നുവെന്ന് മുഖ്യമന്ത്രി ഓർമ്മിപ്പിച്ചു. പ്രൊഫ. ദാമോദരന്റെ സംഭാവനകൾ സമാഹരിച്ച് പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കുമെന്ന് ശാസ്ത്രസാഹിത്യ പരിഷത്ത് അറിയിച്ചു.

✪✪✪

ശബരിമലയിൽ ഇന്ന് ഭക്ത ജന തിരക്ക് നിയന്ത്രണ വിധേയമായി. സ്പോട്ട് ബുക്കിംഗ് 5,000 ആയി നിജപ്പെടുത്തിയതോടെ രാവിലെ നട തുറന്നതു മുതൽ 11-മണി വരെ സന്നിധാനത്ത് 41,292 തീർഥാടകർ ദർശനം നടത്തി.

.....പത്തനംതിട്ടയിൽ നിന്ന് ശ്രീജി S ശ്രീധർ....

....(വോയ്സ്).....

✪✪✪

ശബരിമല സ്വർണക്കൊള്ള കേസിൽ ദേവസ്വം ബോർഡ് മുൻ പ്രസിഡന്റ് N. വാസുവിനെ വൈകിട്ട് നാലു വരെ പ്രത്യേക

അന്വേഷണസംഘത്തിന്റെ കസ്റ്റഡിയിൽ വിട്ടു. S I T യുടെ കസ്റ്റഡി അപേക്ഷ പരിഗണിച്ച് കൊല്ലം വിജിലൻസ് കോടതിയാണ് വാസുവിനെ കസ്റ്റഡിയിൽ വിട്ടത്. നാല് മണിക്ക് വാസുവിനെ വീണ്ടും വിജിലൻസ് കോടതിയിൽ ഹാജരാക്കും.

കേസിലെ മറ്റൊരു പ്രതിയായ മുരാരി ബാബുവിന്റെ ജാമ്യാപേക്ഷയിലും വിജിലൻസ് കോടതി വിശദമായ വാദം കേൾക്കും.

✪✪✪

KGMCTA യുടെ പ്രതിഷേധ സമരത്തിന്റെ ഭാഗമായി നാളെയും ഈ മാസം 29 നും മെഡിക്കൽ കോളേജ് അധ്യാപകർ OP യും തിയറി ക്ലാസും ബഹിഷ്ക്കരിക്കും. ചട്ടപ്പടി സമരം തുടരാനും സംഘടന തീരുമാനിച്ചു. റിലേ OP ബഹിഷ്ക്കരണം തുടരാനും KGMCTA തീരുമാനിച്ചിട്ടുണ്ട്.

✪✪✪

ഇന്ത്യയുടെ സാംസ്കാരിക വൈവിധ്യത്തെ കുറിച്ച് അവബോധം ഉണ്ടാക്കാൻ ലക്ഷ്യമിട്ട് സംഘടിപ്പിക്കുന്ന ദേശീയ കലാ ഉത്സവിന്റെ സംസ്ഥാനതല മത്സരത്തിന് കോഴിക്കോട് തുടക്കമായി. ചലച്ചിത്ര ഗാനരചയിതാവ് പത്മശ്രീ കൈതപ്രം ദാമോദരൻ നമ്പൂതിരി ഉദ്ഘാടനം ചെയ്തു.

✪✪✪

ഇടുക്കി ചെറുതോണിയിൽ മൂന്ന് കിലോ കഞ്ചാവുമായി ഒരാളെ പിടികൂടി. ഇടുക്കി സ്വദേശി ഷിബു ലാൽ ആണ് അറസ്റ്റിലായത്. ഇലക്ഷൻ സ്പെഷ്യൽ ഡ്രൈവിനോടനുബന്ധിച്ച് ഡെപ്യൂട്ടി എക്സൈസ് കമ്മിഷണർ സ്ക്വാഡ് സർക്കിൾ ഇൻസ്പെക്ടർ T രഞ്ജിത്കുമാറിന്റെ നേതൃത്വത്തിലായിരുന്നു പരിശോധന. ഷിബുലാലിന്റെ പേരിൽ മുൻപ് കൊലപാതക ശ്രമത്തിന് കേസുണ്ട്..

✪✪✪

സ്വർണ വില കുറഞ്ഞു. പവന് 120 രൂപ കുറഞ്ഞ് 91,440 രൂപയായി - 11,430 രൂപയാണ് ഗ്രാമിന് ഇന്നത്തെ വില.

✪✪✪

സംസ്ഥാനത്ത് ഞായറാഴ്ച വരെ ചിലയിടങ്ങളിൽ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. ഇന്ന് ഒരിടത്തും ജാഗ്രതാ നിർദേശമില്ല. നാളെ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ഇടുക്കി

ജില്ലകളിൽ മഞ്ഞ ജാഗ്രത നൽകി. ലക്ഷദ്വീപ് തീരത്ത് 55 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിന് സാധ്യതയുണ്ടെന്നും മീൻപിടുത്തക്കാർ കടലിൽ പോകരുതെന്നും നിർദേശമുണ്ട്.

✪✪✪

രാജ്യത്തെ മെഡിക്കൽ കോളജുകളിൽ പ്രവേശനം വാഗ്ദാനം ചെയ്ത് പണം തട്ടിയ കേസിൽ മുഖ്യപ്രതി അറസ്റ്റിലായി. UP ഹത്രാസ് സ്വദേശി പ്രശാന്ത് അഗർവാളിനെ ക്രൈംബ്രാഞ്ച് സംഘം സാഹസികമായി പിടികൂടുക യായിരുന്നു. തിരുവനന്തപുരം സ്വദേശിയിൽ നിന്ന് 20 ലക്ഷം രൂപ തട്ടിയെടുത്ത കേസിലാണ് അറസ്റ്റ്.

✪✪✪

കിൽത്താൻ ദ്വീപിൽ സംഘടിപ്പിച്ച 34-ാമത് ലക്ഷദ്വീപ് സ്കൂൾ ഗെയിംസിൽ 250 പോയിന്റോടെ ടീം അന്ത്രോത്ത് ചാംപ്യൻമാരായി. ടീം അമിനി രണ്ടാം സ്ഥാനവും, ടീം അഗത്തി മൂന്നാം സ്ഥാനവും നേടി. ലക്ഷദ്വീപ് MP അഡ്വ. ഹംദുള്ളാ സെയ്ദ് വിജയികൾക്ക് ട്രോഫികൾ സമ്മാനിച്ചു.

✪✪✪

അണ്ടർ 23 ഏകദിന ക്രിക്കറ്റ് ടൂർണമെന്റിൽ കേരളത്തിന് ജയം. അഹമ്മദാബാദിൽ പുതുച്ചേരിയെ ആറു വിക്കറ്റിനാണ് കേരളം പരാജയപ്പെടുത്തിയത്.

✪✪✪

കൊടകരയിൽ KSRTC ബസും കണ്ടെയ്നർ ലോറിയും പുലർച്ചെ രണ്ടേമുക്കാലോടെ കൂട്ടിയിടിച്ച് 12 പേർക്ക് പരിക്കേറ്റു. ആരുടെയും പരിക്ക് ഗുരുതരമല്ല. പരിക്കേറ്റവരെ കൊടകരയിലെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

✪✪✪

---

*News Editor: വി കെ സുരേഷ്*
*News Reader: ഫസ്ന ഫാത്തിമ*
*NRT: അനിൽ ചന്ദ്രൻ*
*DEO: ഷീബ*